# ജനസമ്പർക്കം കൊഴുപ്പിക്കാൻ കുഞ്ഞൂഞ്ഞ് കഥകൾ

**ടി.കെ.മനാഫ്**

മലപ്പുറം: ജനസമ്പർക്കത്തിന് മാറ്റ് കൂട്ടാൻ മുഖ്യമന്ത്രിക്കൊപ്പം കുഞ്ഞൂഞ്ഞ് കഥകളുമായി പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റും സജീവം. ഉമ്മൻചാണ്ടിയുടെ പ്രസ് സെക്രട്ടറിയായ പി.ടി. ചാക്കോ എഴുതിയ 'കുഞ്ഞൂഞ്ഞ് കഥകളു'ടെ പ്രസക്ത ഭാഗങ്ങൾ ഫ്ലക്സ് ബോർഡുകളിൽ കാർട്ടൂൺ സഹിതം പതിച്ചാണ് മലപ്പുറം എം.എസ്.പി. ഗ്രൗണ്ടിൽ പി.ആർ.ഡി തങ്ങളുടെ സാന്നിദ്ധ്യം അറിയിച്ചത്.

മുഖ്യമന്ത്രിയുടെ ജീവിതത്തിലെ രസകരമായ ഏടുകളാണ് ഇതിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. തിരക്കോട് തിരക്കുള്ള അദ്ദേഹത്തിന്റെ മുടിവെട്ടുന്ന ഭാര്യ മറിയാമ്മ ഉമ്മന്റെ അനുഭവങ്ങൾ രസകരമാണ്. പത്രം വായിക്കുമ്പോൾ മുഖ്യമന്ത്രിയുടെ മുടിവെട്ടുന്ന ഭാര്യയുടെ ഈ കാർട്ടൂണോടെയാണ് തുടക്കം.

രാത്രി ഏറെ വൈകി വീട്ടിലെത്തുന്ന ഉമ്മൻചാണ്ടി വീട്ടുകാരെ ശല്യപ്പെടുത്താതിരിക്കാനായി സ്വയം അടുക്കളയിൽ കയറി ഭക്ഷണം കഴിക്കുന്നതും കീറിയ ഷർട്ടിടുന്ന നിഷ്കളങ്കനായ ചാണ്ടിസാറിനെക്കുറിച്ചുമൊക്കെ കുഞ്ഞുകുഞ്ഞു കഥകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

തിരക്കുകൾക്കിടയിലും സ്വന്തം നാട്ടുകാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുമ്പോൾ ഉമ്മൻചാണ്ടിക്ക് പറ്റിയ ചില അമളികളും കാർട്ടൂണിന്റെ സഹായത്തോടെ രസകരമായി അവതരിപ്പിച്ചിട്ടുണ്ട്.




മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയോടനുബന്ധിച്ച് പി.ആർ.ഡി മലപ്പുറത്ത് സംഘടിപ്പിച്ച കാർട്ടൂൺ പ്രദർശനം